10 (*336) വൈദ്യുതിനയം നടപ്പിലാക്കാനായി സ്വീകരിച്ച നടപടി

ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീ. എ. കണാരൻ :
ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. പി.കെ. കുമാരൻ :

ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1998-ൽ പ്രഖ്യാപിച്ച വൈദ്യുതിനയം നടപ്പിലാക്കാനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) വൈദ്യുതി ബോർഡിന്റെ ചെലവ് ചുരുക്കുവാനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുവാനായി ബോർഡോ സർക്കാരോ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(സി) റിപ്പോർട്ടിലെ പ്രധാനപ്പെട്ട ശുപാർശകൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇവ നടപ്പിലാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഇ) രണ്ടായിരാമാണ്ടിൽ വൈദ്യുതി ബോർഡ് പുതുതായി വൈദ്യുതപദ്ധതികളുടെ നിർമ്മാണപ്രവർത്തനം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) മറുപടി അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) ഉണ്ട്. കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചു. റിപ്പോർട്ട് പരിശോധനയിലാണ്.

(സി) കോസ്റ്റ് മാനേജ്മെന്റ്, റവന്യൂ മാനേജ്മെന്റ്, ഫിനാൻസ് മാനേജ്മെന്റ്, സ്റ്റാഫ് ആന്റ് അഡ്മിനിസ്ട്രേഷൻ മാനേജ്മെന്റ്, ഇൻഫർമേഷൻ മാനേജ്മെന്റ് എന്നിവയിൽ പരിഷ്കാരങ്ങൾ ആവശ്യമാണെന്ന് കമ്മിറ്റി അഭിപ്രായപ്പെട്ടു.

(ഡി) പ്രോജക്ടുകൾ ടേൺ കീ അടിസ്ഥാനത്തിൽ കരാർ നല്കുക എന്നത് കോസ്റ്റ് മാനേജ്മെന്റ് വിഭാഗത്തിലെ ഒരു പ്രധാന നിർദ്ദേശമായിരുന്നു. ഇതനുസരിച്ച് മേജർ പ്രോജക്ടുകൾ ടേൺ കീ അടിസ്ഥാനത്തിൽ കരാർ കൊടുക്കുന്ന രീതി സ്വീകരിച്ചു. റവന്യൂ മാനേജ്മെന്റിൽ, കംപ്യൂട്ടർവൽക്കരണത്തിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. സ്റ്റാഫ് ആന്റ് അഡ്മിനിസ്ട്രേഷൻ മാനേജ്മെന്റിൽ വാഹനങ്ങൾ വാങ്ങുന്നതിനുപകരം കഴിയുന്നതും വാടകക്കെടുത്ത് ചെലവു കുറയ്ക്കുന്ന പദ്ധതി നടപ്പാക്കി വരുന്നു.

(ഇ) ഉണ്ട്.

(1) ആതിരപ്പള്ളി - 163 മെഗാവാട്ട്

(2) കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ - 100 മെഗാവാട്ട്

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(3) നേര്യമംഗലം എക്സ്റ്റൻഷൻ - 25 മെഗാവാട്ട്

(4) ചെങ്കുളം ഓഗ്മെന്റേഷൻ പദ്ധതി - 85 മെഗാവാട്ട്

മുതലായവയും പട്ടിക 1-ൽ കൊടുത്തിരിക്കുന്ന ചെറുകിട ജല വൈദ്യുത പദ്ധതികളും.

11 (*337) അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് സുരക്ഷാ ഇൻഷുറൻസ്

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ :

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അസംഘടിത മേഖലയിലെ തൊഴിലാളികൾ അപകടത്തിൽപെട്ടു മരിക്കുന്ന സാഹചര്യത്തിൽ മതിയായ ആനുകൂല്യം ആശ്രിതർക്ക് ലഭിക്കുന്നില്ല എന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ക്യാന്റീനിലോ ഇടത്തരം ഹോട്ടലിലോ തൊഴിലാളികൾക്ക് തീപ്പൊള്ളലേറ്റ് മരണമുണ്ടായാൽ നിലവിൽ ഇൻഷുറൻസോ മറ്റാനുകൂല്യങ്ങളോ ലഭിക്കുമോ;

(സി) പണിയെടുക്കുന്ന എല്ലാ തൊഴിലാളികൾക്കും ഇൻഷുറൻസ് പരിരക്ഷ ലഭിക്കുവാനുതകുന്ന ഒരു പദ്ധതി ആവിഷ്കരിക്കുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

(എ) ഉണ്ട്.

(ബി) തൊഴിലുടമ ഏതെങ്കിലും ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ അതനുസരിച്ചുള്ള ആനുകൂല്യം തൊഴിലാളിക്ക് ലഭിക്കുന്നതാണ്. ഇതിനു പുറമെ 1923-ലെ വർക്ക്മെൻസ് കോമ്പൻസേഷൻ നിയമ പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭിക്കുവാനും അർഹതയുണ്ട്.

(സി) അസംഘടിത മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്കുവേണ്ടി ഒരു ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി ആവിഷ്കരിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഇത് സർക്കാർ പ്രഖ്യാപിച്ച ലേബർ അജണ്ടയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

12 (*338) വൈദ്യുതി മോഷണം തടയുന്നതിന് നടപടി

ശ്രീ. എളമരം കരീം :

ശ്രീ. ലോനപ്പൻ നമ്പാടൻ :

ശ്രീ. സെബാസ്റ്റ്യൻ പോൾ :

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :

ശ്രീ. എം.പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി മോഷണം തടയുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly